നം. ഇ.എസ്2- 81309/2021/ആ.വ.ഡ

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം,തീയതി. 25/11/2021

# നോട്ടീസ്

വിഷയം : ആ.വ.ഡ – ജീവനക്കാര്യം - ശ്രീ. ഹരിലചന്ദ്രൻ. പി, സീനിയർ ക്ലാർക്ക്, ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കാര്യാലയം, തിരുവനന്തപുരം – 01-09-2012 മുതൽ 31-12-2018 വരെയുള്ള സീനിയർ ക്ലാർക്കുമാരുടെ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നത് - സംബന്ധിച്ച്-

സൂചന :
1. A3/681/19/CFS, Dated. 22.01.2019
2. W1(2)2407/96(10)/KPSC, Wayanad, Dated: 22.08.2001
3. ED1-21000/2007/DHS, Dated: 14.08.2007
4. ED1-03/2015/DHS, Dt: 17.08.2015
5. G.O. No. 17/2016/H & FWD, Dt: 25.01.2016
6. ES2-96800/17/DHS, Dated: 21.11.2019

ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലെ സീനിയർ ക്ലാർക്കായ ശ്രീ. ഹരിലചന്ദ്രൻ. പി, ആരോഗ്യ വകുപ്പിലെ സീനിയർ ക്ലാർക്കുമാരുടെ 01-09-2012 മുതൽ 31-12-2018 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി സൂചന 1 പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

ശ്രീ. ഹരിലചന്ദ്രൻ. പി, സൂചന (2) പ്രകാരമുള്ള പി. എസ്. സി ശുപാർശയുടെ അടിസ്ഥാനത്തിൽ 31.10.2001 ന് ആരോഗ്യ വകുപ്പിൽ വയനാട് ജില്ലയിൽ എൽ.ഡി ക്ലാർക്കായി സർവ്വീസിൽ പ്രവേശിച്ചു. സൂചന (3) പ്രകാരമുള്ള ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അന്തർ ജില്ലാ സ്ഥലംമാറ്റം വാങ്ങി 30.08.2007 ന് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ജോലിയിൽ പ്രവേശിച്ചു. എൽ.ഡി. ക്ലാർക്കുമാരുടെ 01-01-2003 മുതൽ 31-12-2008 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ ശ്രീ. ഹരിലചന്ദ്രൻ. പി -യുടെ റാങ്ക് നം. 432 ആണ്. സൂചന (4) പ്രകാരം ടിയാന് സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്

സൂചന (5) പ്രകാരം ശ്രീ. ഹരിലചന്ദ്രൻ. പി ബൈഫർക്കേഷൻ മുഖേന ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലേക്ക് മാറ്റപ്പെടുകയും ചെയ്തു. സൂചന 6 പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള സീനിയർ ക്ലാർക്കുമാരുടെ 01-09-2012 മുതൽ 31-12-2018 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ ശ്രീ. ഹരിലചന്ദ്രൻ. പി ഉൾപ്പെട്ടിട്ടില്ല.

ഈ സാഹചര്യത്തിൽ ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലെ സീനിയർ ക്ലാർക്കായ ശ്രീ. ഹരിലചന്ദ്രൻ. പി -ക്ക് ക്ലാർക്ക് സീനിയോറിറ്റിയും വകുപ്പതല പരീക്ഷ (ജൂൺ -2003) പാസ്സായതും കണക്കിലെടുത്ത് 01-09-2012 മുതൽ 31-12-2018 വരെയുള്ള കാലയളവിലെ ആരോഗ്യ വകുപ്പിലെ സീനിയർ ക്ലാർക്കുമാരുടെ സൂചന 6 പ്രകാരമുള്ള സീനിയോറിറ്റി പട്ടികയിൽ 134 A എന്ന താൽക്കാലിക സ്ഥാനം നൽകി ഇതിനാൽ നോട്ടീസ് പുറപ്പെടുവിക്കുന്നു.

വിശദവിവരം ചുവടെ ചേർക്കുന്നു.

In the Seniority list of Senior Clerks in Health Services Department for the 01.09.2012 to 31.12.2018

| Sl. No. | Rank No. in LDC Seniority List (2003-2008) | Name & PEN No. | Date of Birth | Date of entry in service | G.O No./PSC Advice | Rank No. | Remarks |
|---|---|---|---|---|---|---|---|
| 1 | 426 | Smt. Nisha. K, 366579 | 27.05.1977 | 24.08.2007 | G.O.(MS) 128/04/H &FWD, Dt: 17.06.2004, ED1-22000/2007/DHS, Dt: 25.07.2007, A2-1896/04(2)DMO(H)PKD, Dt: 20.08.2007 | 134 | |
| 2 | 432 | Sri. Harilachandran. P | 29.05.1966 | 31.10.2001 (Availed IDT & Joined DHS on 30.08.2007) | W1(2)2407/96(10)/KPSC,Wayanad, Dated: 22.08.2001, A2-5126/01/DMO(H)Wynd Dt:29.09.2001, ED1-21000/07/DHS, Dt: 14.08.2007 | 134 A | IDT from Wayanad to DHS |
| 3 | 434 | Smt. Bhagyalekshmi. V. S | 16.03.1974 | 29.09.2007 | EV2/525/05(2)/KPSC,EKM, Dt: 31.08.2007, A2-8504/2006/DMO(H) Ekm, Dt.24.09.2007 | 135 | |

ഈ നോട്ടീസിന്മേൽ ആർക്കെങ്കിലും പരാതികളെന്തെങ്കിലും ഉണ്ടെങ്കിൽ ആയത് ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 07 ദിവസത്തിനകം രേഖാമൂലം ഉചിതമാർഗ്ഗേണ ഈ ആഫീസിൽ എത്തിക്കേണ്ടതാണ്. അല്ലാത്തപക്ഷം ആക്ഷേപങ്ങളൊന്നും ഇല്ലായെന്ന നിഗമനത്തിൽ തീരുമാനം സ്ഥിരീകരിച്ച് ഉത്തരവാകുന്നതാണ്.

ഒപ്പ്/-

ശോഭ. വി

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താവ്

ശ്രീ. ഹരിലചന്ദ്രൻ. പി, സീനിയർ ക്ലാർക്ക്

ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കാര്യാലയം, തൈക്കാട്, തിരുവനന്തപുരം

പകർപ്പ്

1. എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും (ഇ-മെയിൽ മുഖേന)
2. ഭക്ഷ്യസുരക്ഷാ കമ്മീഷണർ, ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കാര്യാലയം തൈക്കാട്, തിരുവനന്തപുരം
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ്
4. സൂപ്രണ്ട്, ഇ. ഡി. സെക്ഷൻ
5. ഫയൽ/കരുതൽ ഫയൽ.

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്